# യോഹന്നാന്റെ ജീവപഠനം

## ദൂത് ഒന്ന്

## മുഖവുര

ഈ ദൂത് യോഹന്നാന്റെ സുവിശേഷത്തിന്റെ ജീവപഠനത്തിനുള്ള ഒരു മുഖവുരയാണ്. വേദപുസ്തകം സംബന്ധിച്ച് പൊതുവായ ഒരു അവലോകനം നമുക്ക് ഉണ്ടായിരിക്കണം. വേദപുസ്തകത്തിൽ രണ്ട് പ്രധാനവിഷയങ്ങൾ-ക്രിസ്തുവും സഭയും- അടങ്ങിയിരിക്കുന്നു എന്ന് മുമ്പ് പലപ്പോഴും ഞങ്ങൾ ഊന്നിപ്പറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും, മറ്റൊരു വീക്ഷണകോണിൽനിന്ന് പരിഗണിക്കുമ്പോൾ, വേദപുസ്തകം ജീവനെയും ദൈവത്തിന്റെ കെട്ടുപണിയെയും സംബന്ധിച്ച ഒരു പുസ്തകമാണ്. ക്രിസ്തു ജീവനാകുന്നു, സഭ ജീവനുള്ള ഒരു കെട്ടുപണിയും. നാം ക്രിസ്തുവിനെയും സഭയെയും കുറിച്ച് സംസാരിക്കുമ്പോൾ, ക്രിസ്തു ജീവനും സഭ കെട്ടുപണിയും ആണെന്ന് നാം ഗ്രഹിക്കണം. ക്രിസ്തു ജീവനും സഭ കെട്ടുപണിയും ആണെന്ന് നിങ്ങൾ ഗ്രഹിക്കുന്നില്ലെങ്കിൽ, ഈ വാക്കുകൾ നിങ്ങൾ പറയുമ്പോൾ, അവ കേവലം ഉപദേശ സംബന്ധമായ പദങ്ങൾ ആണ്. ക്രിസ്തു എന്താകുന്നു? ക്രിസ്തു നമ്മുടെ ജീവനാകുന്നു(കൊലൊ. 3:4). സഭ എന്താകുന്നു? സഭ ദൈവത്തിന്റെ കെട്ടുപണി ആകുന്നു.

വേദപുസ്തകത്തിൽ യാതൊരു വൈരുദ്ധ്യവുമില്ല. ഉൾക്കാഴ്ചയോടും സ്വർഗ്ഗീയ ദർശനത്തോടും കൂടെ നിങ്ങൾ അത് വായിക്കുന്നുവെങ്കിൽ വേദപുസ്തകത്തിന്റെ ആരംഭം ജീവനോടും കെട്ടുപണിയോടുംകൂടെ ആയിരുന്നുവെന്ന് നിങ്ങൾ കണ്ടെത്തും. ഉല്പത്തി രണ്ടാം അദ്ധ്യായത്തിൽ ജീവനും ദൈവത്തിന്റെ കെട്ടുപണിയും നാം കാണുന്നു. മനുഷ്യസൃഷ്ടിക്കു ശേഷം, ഉടൻ ജീവൻ അവതരിപ്പിച്ചിരിക്കുന്നു. മനുഷ്യനെ സൃഷ്ടിച്ചശേഷം ദൈവം അവനെ ഒരു തോട്ടത്തിൽ ജീവവൃക്ഷത്തിനു മുമ്പിൽ ആക്കിവച്ചു (ഉല്പ.2:7-9). ജീവവൃക്ഷത്തിനുശേഷം ഒരു നദിയും മൂന്നു വിലയേറിയ വസ്തുക്കളും-പൊന്നും ഗുൽഗുലുവും അതായത്, മുത്തും, ഗോമേദകവും(ഒരു വിലയേറിയ കല്ല്)- നാം കാണുന്നു. തിരുവെഴുത്തുകളുടെ പിന്നീടുള്ള വെളിപ്പാട് അനുസരിച്ച്, വിശേഷാൽ

വെളിപ്പാട് 21 അനുസരിച്ച്, ഈ വിലയേറിയ വസ്തുക്കൾ ദൈവത്തിന്റെ കെട്ടുപണിക്കുള്ളവയാണ്. ഉല്പത്തി 2:22-ൽ ദൈവത്തിന്റെ കെട്ടുപണിയെ സംബന്ധിച്ച വ്യക്തമായ പ്രസ്താവം ഉണ്ട്. "യഹോവയായ ദൈവം മനുഷ്യനിൽനിന്ന് എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയായി പണിതു: അവളെ മനുഷ്യന്റെ അടുക്കലേക്ക് കൊണ്ടുവന്നു"(എബ്രായ ഭാഷയിൽ). ദൈവം ആദാമിന്റെ പാർശ്വത്തിൽനിന്ന് ഒരു വാരിയെല്ലെടുത്ത് ആദാമിന് ഒരു ഭാര്യയെ പണിയുവാൻ അത് ഉപയോഗിച്ചു. അങ്ങനെ മനുഷ്യൻ സൃഷ്ടിക്കപ്പെടുകയും സ്ത്രീ പണിയപ്പെടുകയും ചെയ്തു. ഉല്പത്തി 2-ൽ ജീവനെയും, ജീവന്റെ ഒഴുക്കിൽനിന്ന് ഉളവാകുന്ന വസ്തുക്കളെയും പണിയപ്പെട്ട ഒരു ഭാര്യയെയും നാം കാണുന്നു. അതുകൊണ്ട്, ഉല്പത്തി 2-ൽ നമുക്ക് ജീവനും കെട്ടുപണിയും ഉണ്ട്.

വെളിപ്പാടു പുസ്തകവും ജീവനെക്കുറിച്ച് സംസാരിക്കുന്നു. "ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുവാൻ കൊടുക്കും,"എന്ന് വെളിപ്പാട് 2:7 പറയുന്നു. ഇത് തീർച്ചയായും ഉല്പത്തി 2-ലെ ജീവവൃക്ഷത്തെ സംബന്ധിച്ച പരാമർശമാണ്. വെളിപ്പാട് 2:17 "ജയിക്കുന്നവനു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവനു വെള്ളക്കല്ലും കൊടുക്കും,"എന്ന് പറയുന്നു. ഈ വാക്യം ഒരു കല്ലിനെപ്പറ്റി പറയുന്നു. ഈ കല്ല് വേദപുസ്തകപ്രകാരം ദൈവത്തിന്റെ കെട്ടുപണിക്കല്ലാതെ മറ്റൊന്നിനും കൊള്ളുകയില്ല. വേദപുസ്തകത്തിലെ അവസാനപുസ്തകമായ വെളിപ്പാടു പുസ്തകത്തിന്റെ അവസാനത്തെ രണ്ട് അദ്ധ്യായങ്ങളിൽ, നമുക്ക് പുതിയ യെരുശലേമിന്റെ കെട്ടുപണി കാണാം. പുതിയ യെരുശലേമിൽ ജീവനദി ഒഴുകുകയും ജീവജലനദിയിൽ ജീവവൃക്ഷം വളരുകയും ചെയ്യുന്നു(വെളി.22:1-2). അങ്ങനെ വേദപുസ്തകം ജീവനോടും കെട്ടുപണിയോടും കൂടെ തുടങ്ങുന്നതുപോലെ അവസാനിക്കുകയും ചെയ്യുന്നു എന്നത് വ്യക്തമാണ്.

വേദപുസ്തകത്തിന്റെ രണ്ടറ്റങ്ങളായ ഉല്പത്തിക്കും വെളിപ്പാടിനുമിടയിൽ ഒരു നീണ്ട കാലയളവ്, വലിയ ഒരു വിടവ് ഉണ്ട്. ഈ വിടവ് ഇല്ലാതാക്കുന്ന പാലം എന്താണ്? ആ പാലം യോഹന്നാന്റെ സുവിശേഷമാണ്. യോഹന്നാന്റെ പുസ്തകം തുടങ്ങുന്നത് ആദിയിൽ എന്ന വാക്കോടുകൂടെ ആണ്. എന്നാലും ഈ പുസ്തകം സൂക്ഷ്മമായി വായിക്കുന്നുവെങ്കിൽ, അതിൽ രേഖപ്പെടുത്തിയിരിക്കുന്ന ചരിത്രം അവസാനിക്കുന്നില്ല എന്നു നിങ്ങൾ കാണും. അങ്ങനെ അത് കഴിഞ്ഞ നിത്യതയിൽ ആദിമുതൽ ആരംഭിക്കുകയും ഭാവിയിലേക്ക് അനന്തമായി തുടരുകയും ചെയ്യുന്നു. അങ്ങനെ അത് ഉല്പത്തിയും വെളിപ്പാടും തമ്മിലുള്ള വിടവിന് പാലമായിരിക്കുകയും ചെയ്യുന്നു.

വേദപുസ്തകം തുടങ്ങുന്നതും അവസാനിക്കുന്നതും ജീവനോടും ദൈവത്തിന്റെ കെട്ടുപണിയോടുംകൂടെ ആണെന്ന് നാം കണ്ടുകഴിഞ്ഞു. വേദപുസ്തകത്തിന്റെ രണ്ട് അറ്റങ്ങളെ യോജിപ്പിക്കുന്ന പാലമായ യോഹന്നാന്റെ സുവിശേഷം ജീവനെയും കെട്ടുപണിയെയും സംബന്ധിച്ച പുസ്തകവുമാണ്. ഈ പുസ്തകത്തിന്റെ ഒന്നാമത്തെ അദ്ധ്യായത്തിലെ ചില വാകൃങ്ങൾ ഈ സത്യം നമ്മെ ബോധ്യപ്പെടുത്തും. "ആദിയിൽ വചനം ഉണ്ടായിരുന്നു............അവനിൽ ജീവനുണ്ടായിരുന്നു"(1:1,4). ആദിയിൽ ഉപദേശം ഉണ്ടായിരുന്നു അതിൽ അറിവുണ്ടായിരുന്നു എന്ന് യോഹന്നാൻ പറയുന്നില്ല. ഇല്ല, ആദിയിൽ വചനം ഉണ്ടായിരുന്നു എന്നും, വചനം ദൈവമായിരുന്നു എന്നും, ദൈവമായിരുന്ന വചനമായ ഇവനിൽ ജീവനുണ്ടായിരുന്നു എന്നും അവിടെ പറയുന്നു. അതുകൊണ്ട് യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽ നാം ജീവനെ കാണുന്നു. കൂടാതെ, ഇതേ അദ്ധ്യായത്തിന്റെ 42-ാമത്തെ വാക്യം ഒരു കല്ലിനെക്കുറിച്ച് പറയുന്നു. അന്ത്രെയാസ് തന്റെ സഹോദരനായ ശിമോനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ കർത്താവ് അവന് കേഫാവ് എന്ന ഒരു പുതിയ പേര് കൊടുത്തു. അതിന്റെ അർത്ഥം കല്ല് എന്നാണ്. ഇതേ അദ്ധ്യായത്തിൽതന്നെ കർത്താവിൽ ജീവൻ ഉണ്ടായിരുന്നു എന്നും കർത്താവിന്റെ ശിഷ്യന്മാരിലൊരുവൻ ഒരു കല്ലായിത്തീർന്നു എന്നും നമ്മോട് പറഞ്ഞിരിക്കുന്നു. ഇതിന്റെ അർത്ഥം എന്താണ്? ഇതിന്റെ അർത്ഥം ജീവൻ ഒരുവനെ ഉയിർപ്പിക്കുകയും ജീവിപ്പിക്കുകയും വീണ്ടുംജനിപ്പിക്കുകയും ചെയ്യുന്നു എന്നു മാത്രമല്ല, രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു എന്നാണ്. ജീവൻ വിശ്വാസിയെ ഒരു കല്ലായി രൂപാന്തരപ്പെടുത്തും.

കല്ലിനെ സംബന്ധിച്ച ഉദ്ദേശ്യവും, ഉപയോഗവും 1:51 ൽ വെളിപ്പെടുത്തിയിരിക്കുന്നു. നഥനയേലിനോട് കർത്താവ് ഇങ്ങനെ പറഞ്ഞു:"ആമേൻ, ആമേൻ ഞാൻ നിന്നോട് പറയുന്നു, സ്വർഗ്ഗം തുറന്നിരിക്കുന്നതും ദൂതന്മാർ മനുഷ്യപുത്രന്റെ മേൽ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നീ കാണും."പ്രാചീന യെഹൂദന് ഈ വാക്കിന്റെ അർത്ഥം അറിയാമായിരുന്നു. ഇത് ഉല്പത്തി 28:10-22 ൽ രേഖപ്പെടുത്തിയിട്ടുള്ള യാക്കോബിന്റെ സ്വപ്നത്തിന്റെ നിവൃത്തിയായിരുന്നു. ഭൂമിയിൽ ഉറപ്പിച്ച ഒരു കോവണി യാക്കോബ് തന്റെ സ്വപ്നത്തിൽ കണ്ടു. അതിന്റെ മുകൾ ഭാഗം സ്വർഗ്ഗത്തോളം എത്തിയിരുന്നു. അതിലൂടെ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നുണ്ടായിരുന്നു (ഉല്പ.28:12). യാക്കോബ് സ്വപ്നം കണ്ടതായ ആ സ്ഥലത്തെ അവൻ ബേഥേൽ എന്ന് വിളിച്ചു (ഉല്പ.28:19). ബേഥേൽ എന്നാൽ ദൈവഭവനം എന്നാണ് അർത്ഥം. ഒരു കല്ല് തലയിണയായി ഉപയോഗിച്ച് യാക്കോബ് അവിടെ രാത്രിയിൽ ഉറങ്ങി. പിറ്റേന്ന് അതിരാവിലെ ആ സ്ഥലത്തിന് ബേഥേൽ എന്ന പേര് വിളിച്ചുകൊണ്ട് അവൻ എഴുന്നേറ്റ്, ആ കല്ലിന്മേൽ എണ്ണ ഒഴിച്ചു. കർത്താവായ യേശു നഥനയേ

ലിനോട് സംസാരിച്ചപ്പോൾ യാക്കോബിന്റെ സ്വപ്നത്തെ അവൻ പരാമർശിക്കുകയായിരുന്നു. അതുകൊണ്ട് യോഹന്നാൻ ഒന്നിലെ ഈ എല്ലാ വാക്യങ്ങളുടെയും വെളിച്ചത്തിൽ, ഈ സുവിശേഷം ജീവനെയും ദൈവത്തിന്റെ കെട്ടുപണിയെയും സംബന്ധിച്ചതാണെന്ന് നമുക്ക് മനസ്സിലാക്കാം.

ആദാമിന് ഒരു ഭാര്യയെ, ഒരു മണവാട്ടിയെ ഉണ്ടാക്കുന്നതിനെക്കുറിച്ച് ഉല്പത്തി 2:22 പറയുന്നു. യോഹന്നാനും മണവാട്ടിയെക്കുറിച്ചു പറയുന്നു. മണവാട്ടിയുള്ളവൻ മണവാളനാകുന്നു (യോഹ. 3:29). ആരാണ് മണവാട്ടി? യോഹന്നാൻ 3 അനുസരിച്ച്, വീണ്ടുംജനിച്ച എല്ലാവരും ചേർന്ന് മണവാട്ടി ആയിത്തീരുന്നു.

കൂടാതെ,"എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങളുണ്ട്; അങ്ങനെയല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; ഞാൻ നിങ്ങൾക്ക് സ്ഥലമൊരുക്കുവാൻ പോകുന്നു,"എന്ന് യോഹ ന്നാൻ 14:2 പറയുന്നു. പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉള്ള ഒരു സ്ഥലം ഒരുക്കുവാൻ കർത്താവ് പോകുകയായിരുന്നു എന്ന് ഈ വാക്യം പറയുന്നു. നാം കർത്താവിനെ സ്നേഹി ക്കുന്നുവെങ്കിൽ, അവൻ പിതാവുമായി വന്ന് നമ്മോടുകൂടെ വാസം ചെയ്യും (14:23). യോഹന്നാൻ 14 നാം പഠിക്കുമ്പോൾ, ഇത് അനേകവാസസ്ഥലങ്ങളുള്ള ദൈവത്തിന്റെ നിത്യനിവാസത്തിന്റെ കെട്ടു പണിയെയും കുറിക്കുന്നുവെന്ന് നാം മനസ്സിലാക്കും. അങ്ങനെ, യോഹന്നാന്റെ സുവിശേഷം തികച്ചും ജീവനെയും ജീവന്റെ കെട്ടുപണിയെയും സംബന്ധിച്ച ഒരു സുവിശേഷമാണ്. വേദപുസ്തകത്തിന്റെ അർത്ഥം നിങ്ങൾക്ക് അറിയണമെങ്കിൽ, യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് അകന്നു നിൽക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. ആകമാന വേദപുസ്തകത്തിനുള്ള താക്കോൽ ഈ പുസ്തകത്തിൽ ഉണ്ട്.

ക്രിസ്തു ജീവനും സഭ ഒരു കെട്ടുപണിയുമാണെന്ന് നാം കണ്ടു കഴിഞ്ഞു. എന്നാൽ, എന്താണ് ജീവൻ? ജീവൻ ക്രിസ്തുവും ക്രിസ്തു ജീവനുമാണ് എന്നത് ശരിതന്നെ. എന്നാലും, നമ്മുടെ ആളത്തത്തിലേക്കു പകരപ്പെട്ട ദൈവമായ ക്രിസ്തു ജീവനാണ് എന്ന് നാം ഗ്രഹിക്കണം. അനേക ക്രിസ്ത്യാനികൾ ക്രിസ്തു ജീവനാണ് എന്നതിനെക്കുറിച്ച് പറയുന്നുവെങ്കിലും, എല്ലാവർക്കും ക്രിസ്തു ജീവനാണ് എന്ന അനുഭവമില്ല. നമ്മുടെ ആളത്തത്തിലേക്കു സ്വയം പകരപ്പെട്ട ദൈവംതന്നെയാണ് ക്രിസ്തു എന്ന അനുഭവജ്ഞാനമാണ് ക്രിസ്തുവിനെ സംബന്ധിച്ച ശരിയായ അനുഭവം. ഇതാണ് ജീവൻ. ഈ അനുഭവജ്ഞാനം നിങ്ങൾക്ക് ഇല്ലെങ്കിൽ ജീവൻ എന്ന പദം നിങ്ങളെ സംബന്ധിച്ചിടത്തോളം വെറുമൊരു പദപ്രയോഗമായി അവശേഷിക്കും. ജീവൻ എന്നത് നമ്മുടെ ആളത്തത്തിലേക്കു പകരപ്പെടുകയും പണിതു ചേർക്കപ്പെടുകയും ചെയ്യുന്ന ത്രിയേക ദൈവം ആണ്.

ലഹരിയുള്ള പാനീയം ഞാൻ കുടിക്കുന്നില്ലെങ്കിലും മുന്തിരിച്ചാർ കുടിക്കുന്നത് നമുക്ക് ഉദാഹരണമായി എടുക്കാം. കുറച്ചുനാൾ ഞാൻ ഒരു വലിയ ഗ്ലാസ് മുന്തിരിച്ചാർ കുടിക്കേണ്ടിവന്നാൽ, എന്റെ അംഗ വ്യവസ്ഥയിൽ മുന്തിരിച്ചാർ പ്രവർത്തിക്കുന്നതിന്റെ ഫലമായി, എന്റെ നിറം ശോഭയുള്ളതാകും. ഞാൻ ധൈര്യവും സന്തോഷവും ആനന്ദവും ഉള്ളവൻ ആയിരിക്കും. അത് മുന്തിരിച്ചാർ എനിക്ക് ജീവ നായിത്തീരുന്നതിന്റെ ഫലമാണ്. ഞാൻ മുന്തിരിച്ചാർ എന്ന പദത്തിന്റെ അർത്ഥം പഠിക്കുകയും അതിനെക്കുറിച്ച് രാപ്പകൽ ചർച്ച ചെയ്യുകയും വളരെ അറിവ് നേടുകയും ചെയ്താൽ ഞാൻ യാതൊന്നും അനുഭവ മാക്കുകയില്ല. എനിക്ക് മുന്തിരിച്ചാർ യാതൊരു ബന്ധവും ഇല്ലാത്ത തായിരിക്കും. നേരേമറിച്ച്, നിങ്ങൾ മുന്തിരിച്ചാറിനെക്കുറിച്ച് ചർച്ച ചെയ്യുന്നത് മറന്നിട്ട്, ദിവസവും ഒരു വലിയ ഗ്ലാസ് നിറയെ അത് കുടിക്കുന്നുവെങ്കിൽ മുന്തിരിച്ചാർ എന്താണെന്ന് നിങ്ങൾ അറിയും. കാരണം അത് നിങ്ങളിലേക്ക് പകരപ്പെടുകയും നിങ്ങളെ സന്തുഷ്ടനും അത്യാനന്ദമുള്ളവനും ആക്കും. ഈ ദൃഷ്ടാന്തം പോരാ ത്തതാണെങ്കിലും, വളരെ അനുയോജ്യമാണ്.

ജീവനെ സംബന്ധിച്ച അനുഭവജ്ഞാനം കൂടാതെ ജീവനെക്കു റിച്ച് സംസാരിക്കരുത്. എന്താണ് ജീവനെ സംബന്ധിച്ച അനുഭവ ജ്ഞാനം? അത് ജീവനുള്ള ത്രിയേകദൈവം നമ്മിലേക്കു പണിതു ചേർക്കപ്പെടുന്നു എന്നതാണ്. ജീവനെക്കുറിച്ച് പറയുവാൻ കർത്താവ് നമ്മോട് ഒരിക്കലും പറഞ്ഞിട്ടില്ല. താൻ ജീവന്റെ അപ്പമാണെന്നും, നാം അവനെ ഭക്ഷിക്കണമെന്നും അവൻ നമ്മോടു പറഞ്ഞു (യോഹ.6:57). അവൻ തരുന്ന ജീവജലം നാം കുടിക്കണം എന്നും അവൻ പറഞ്ഞു(യോഹ.4:10,14). നിങ്ങൾ അപ്പം ഭക്ഷിക്കുമ്പോൾ അത് നിങ്ങളിൽ പണിതുചേർക്കപ്പെടുകയും നിങ്ങൾ വെള്ളം കുടിക്കു മ്പോൾ കുടിക്കുന്ന വെള്ളം നിങ്ങളിലേക്ക് പകരപ്പെടുകയും ചെയ്യും. മേലാൽ, നിങ്ങൾക്ക് അപ്പവും വെള്ളവും മാത്രമല്ല, നിങ്ങൾക്ക് ജീവനുമുണ്ടായിരിക്കും. നിങ്ങളിൽ ക്രിസ്തു ത്രിയേകദൈവമായി പകരപ്പെടുകയും നിങ്ങളുടെ ആളത്തത്തിലേക്കു പണിതുചേർക്കപ്പെ ടുകയും ചെയ്യും. നിങ്ങൾ മുഖത്ത് കൃത്രിമ നിറങ്ങൾ പൂശരുത്, പിന്നെയോ സ്വർഗ്ഗീയ വീഞ്ഞ് കുടിച്ചാൽ മതി. നിങ്ങൾക്ക് നല്ല നിറ വുമുണ്ടാകും. നിങ്ങൾ ദുഃഖിതനായിരിക്കുമ്പോൾ പുറമേ സന്തോഷം നടിക്കരുത്. ത്രിയേകദൈവം നിങ്ങളിലേക്ക് പകരപ്പെട്ടു എന്ന് ഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ സന്തോഷിക്കുകയും നിങ്ങളുടെ സന്തോഷം പൂർണ്ണമാവുകയും ചെയ്യും. ഇതാണ് ജീവൻ.

Tue — കെട്ടുപണി എന്നാൽ എന്താണ്? നിങ്ങളിൽ പലർക്കും കെട്ടുപണി എന്ന ഈ വാക്ക് സുപരിചിതമാണ്. അനേക തവണ പല ചെറുപ്പ ക്കാർ എന്നോടു ഇങ്ങനെ പറഞ്ഞിട്ടുണ്ട്, സഹോദരാ, സഹോദരന്മാ രുടെ ഭവനത്തിൽ ഞങ്ങൾക്ക് വളരെ കുറച്ച് കെട്ടുപണി മാത്രമേ

ഉള്ളു. അവർ ഇതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്, എന്ന് ചില പ്പോഴൊക്കെ ഞാൻ അവരോട് ചോദിക്കുന്നു. അതിന് അവർ, ഞങ്ങൾ ഇപ്പോൾ കൂടുതൽ സ്വാതന്ത്ര്യമുള്ളവരാണ്; എന്നാൽ ഞങ്ങളുടെ ഇടയിൽ കെട്ടുപണി കുറവാണ്, എന്ന് ഉത്തരം പറയുന്നു. അങ്ങനെ എന്താണ് കെട്ടുപണിയുടെ അർത്ഥം എന്നു ഞാൻ നിങ്ങളോടു ചോദിക്കുന്നു. ഒരു പക്ഷേ, ഇതു വായിക്കുന്ന ആർക്കുംതന്നെ തക്കതായ ഒരു നിർവ്വചനം നല്കുവാൻ കഴിയുകയില്ല. നിങ്ങളുടെ ഗ്രാഹ്യം അനുസരിച്ച്, കെട്ടുപണി എന്ന പദത്തിന്റെ അർത്ഥം എന്താണ്? എഫെസ്യലേഖനത്തിൽനിന്നോ വേദപുസ്തകത്തിലെ മറ്റേതെങ്കിലും പുസ്തകത്തിൽനിന്നോ ഒരു ശൈലി ഉദ്ധരിച്ചുകൊണ്ട് ഉപദേശപരമായ ഒരു ഉത്തരം നല്കുവാൻ ചിലർക്ക് എളുപ്പമായിരിക്കും. എന്നാൽ പ്രായോഗികമായ വിധത്തിൽ ഒരു ഉത്തരം നല്കുവാൻ എളുപ്പമല്ല.

കെട്ടുപണി വാസ്തവത്തിൽ ദൈവത്തിന്റെ വികാസമാണ്. കെട്ടുപണി സംഘാതമായി ദൈവത്തെ ആവിഷ്കരിക്കുവാനുള്ള ദൈവത്തിന്റെ വികാസമാണ്. ജീവൻ എന്നത് ദൈവംതന്നെ നമ്മിലേക്കു പണിതു ചേർക്കപ്പെടുന്നതാണ് എന്നു നാം കണ്ടുകഴിഞ്ഞു. ത്രിയേക ദൈവം സത്യമായും നമ്മിലേക്കു പണിതു ചേർക്കപ്പെട്ടാൽ ഉളവാകുന്നത് ദൈവത്തിന്റെ വിശാലതയും വികാസവുമായിരിക്കും. ഈ ദൂതിൽ ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ ദൈവം ദമ്പതികളെയല്ല സൃഷ്ടിച്ചത്; അവൻ ഒരു മനുഷ്യനെ മാത്രമേ സൃഷ്ടിച്ചുള്ളു. ഭാര്യ ഭർത്താവിൽനിന്നു പുറത്തുവന്നു! അവൾ അവന്റെ വികാസം ആയി ത്തീർന്നു. അത് കെട്ടുപണി ആയിരുന്നു. ഹവ്വ ആദാമിന്റെ ഭാര്യ എന്ന നിലയിൽ ദൈവത്തിന്റെ കെട്ടുപണിയായിരുന്നു. ഈ കെട്ടുപണി ആദാമിന്റെ വികാസമായിരുന്നു. ആദാം, ദൈവം മനുഷ്യനായി ത്തീരുന്നതിന്റെ പ്രതിരൂപവും മുൻകുറിയും, ഹവ്വ ദൈവത്തിന്റെ കെട്ടുപണിയുടെ മുൻകുറിയും പ്രതിരൂപവും ആയിരുന്നു. കെട്ടുപണി ആദാമിന്റെ ഭാഗമായിരുന്നതിനാൽ അത് അവന്റെ വിശാലരൂപവും വികാസവുമായിരുന്നു എന്നതിന് സംശയമില്ല.

നാം വേദപുസ്തകം ശ്രദ്ധയോടെ വായിക്കണം. ഉല്പത്തി 1-ൽ ദൈവം ഏകനായിരുന്നു. എന്നാൽ വെളിപ്പാടിന്റെ അവസാനഭാഗത്ത് ദൈവം തന്റെ വികാസമായ പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിന്റെ മദ്ധ്യേ ആണ്. ആരംഭത്തിൽ വികാസമോ വിശാലതയോ ഇല്ലാത്ത ദൈവത്തെ നാം കാണുന്നു. എന്നിരുന്നാലും, യുഗങ്ങളായി തലമുറകളായി ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ടവരിലേക്ക് സ്വയം പണിതു ചേർത്തുകൊണ്ടിരുന്നു. ഒടുവിൽ നാം എല്ലാവരും ദൈവത്തിന്റെ വികാസം, അവന്റെ കെട്ടുപണി, ആയിത്തീരും. അങ്ങനെ ഈ കെട്ടുപണി ദൈവത്തിന്റെ വികാസം ആയിത്തീരും. ഈ വികാസം

ദൈവത്തെ സംഘാതമായി ആവിഷ്കരിക്കും. ഇതാണ് ദൈവത്തിന്റെ കെട്ടുപണി. കെട്ടുപണി കേവലം ഞാൻ നിങ്ങളെ ആശ്രയിക്കുകയും നിങ്ങൾ എന്നെ ആശ്രയിക്കുകയും സഹോദരീസഹോദരന്മാർ പരസ്പരം ആശ്രയിക്കുകയും ചെയ്യുന്ന ഒന്നല്ല. അത് കെട്ടുപണിയെ സംബന്ധിച്ച മതിയായ ഗ്രാഹ്യമല്ല. ശരിയായ കെട്ടുപണി ദൈവത്തിന്റെതന്നെ വിശാലത, ത്രിയേകദൈവത്തിന്റെ വികാസം ആണ്; അത് ദൈവത്തെ സംഘാതമായി ആവിഷ്കരിക്കുവാൻ പ്രാപ്തനാക്കുന്നു. ഇതു തന്നെയാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ വെളിപ്പാട്. ത്രിയേകദൈവം തന്നെത്തന്നെ എല്ലാ വിശ്വാസികളിലേക്കും പകർന്നു കൊടുക്കുന്നു എന്നും ത്രിയേകദൈവത്തിന്റെ സംക്രമണത്തിന്റെയും നിവേശനത്തിന്റെയും ഫലമായി, അവന്റെ വിശ്വാസികളെല്ലാം അവന്റെ വിശാലരൂപം ആയിത്തീരുന്നു എന്നും, യോഹന്നാന്റെ സുവിശേഷം വെളിപ്പെടുത്തുന്നു. ത്രിയേകദൈവത്തിന്റെ ഈ വിശാലരൂപമാണ് ദൈവത്തിന്റെ വികാസവും കെട്ടുപണിയും ആവിഷ്കാരവും. ഇതാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ വെളിപ്പാട്. അങ്ങനെ ദൈവത്തിന്റെ കെട്ടുപണിയെക്കുറിച്ച് നാം സംസാരിക്കുമ്പോൾ, ത്രിയേകദൈവം ജീവനായി നമ്മിലേക്ക് തുടർച്ചയായി പണിതു ചേർക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നും, അവന്റെ നിവേശനവും സംക്രമണവും മൂലം, നാം അവന്റെ ആവിഷ്കാരം ആയിത്തീരുന്നു എന്നുമാണ് അതിന്റെ അർത്ഥം. ഈ ആവിഷ്കാരം അവന്റെ വികാസവും തുടർച്ചയുമാണ്. ഈ ചിന്ത നമ്മുടെ ഹൃദയത്തിൽ എഴുതപ്പെടുമാറാകട്ടെ.

## I. തിരുവെഴുത്തിലെ കേന്ദ്രചിന്ത- ജീവനും കെട്ടുപണിയും

### A. ജീവൻ

ദൈവത്തിന്റെ സൃഷ്ടിപ്പ് ജീവനെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. ഇത് ഉല്പത്തി 1-ൽ വെളിവാക്കിയിരിക്കുന്നു. ഉല്പത്തി 1-നെ സംബന്ധിച്ച ജീവപഠനദൂതുകൾ നിങ്ങൾ വായിച്ചാൽ, ദൈവത്തിന്റെ സൃഷ്ടിപ്പ് ജീവനിൽ കേന്ദ്രീകരിച്ചിരുന്നു എന്ന് നിങ്ങൾക്കു മനസ്സിലാകും.

ദൈവം മനുഷ്യനെ സൃഷ്ടിച്ച ശേഷം അവനെ ജീവവൃക്ഷത്തിന്റെ മുമ്പിൽ ആക്കിവച്ചു. മനുഷ്യൻ തന്റെ ജീവനായി ദൈവത്തെ സ്വീകരിക്കണം എന്ന് ഇതു കാണിക്കുന്നു. ഉല്പത്തി 2:8-9-ൽ ഇതു വെളിവാക്കിയിരിക്കുന്നു.

പഴയനിയമ വിശുദ്ധന്മാർ തങ്ങളുടെ ജീവനായി ദൈവത്തെ ആസ്വദിച്ചു. സങ്കീർത്തനക്കാരനും ഇങ്ങനെ ദൈവത്തെ ആസ്വദിച്ചു. "നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ച് തൃപ്തി പ്രാപിക്കും; നിന്റെ ആനന്ദ നദി നീ അവരെ കുടിപ്പിക്കും. നിന്റെ പക്കൽ ജീവന്റെ ഉറവ

ഉണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു"എന്നു സങ്കീർത്തനം 36:8-9 പറയുന്നു.

പുതിയനിയമ കാലത്ത് ദൈവം തന്റെ പുത്രന്റെ വ്യക്തിത്വത്തിൽ മനുഷ്യർക്ക് ജീവനായിരിക്കുവാൻ വന്നു. യോഹന്നാന്റെ സുവിശേഷത്തിൽ വിശേഷാൽ 1:4-ലും, 10:10-ലും നാം കണ്ടതുപോലെ ഇത് പൂർണ്ണമായും വെളിപ്പെടുത്തിയിരിക്കുന്നു;"അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്"എന്നു അവിടെ പറയുന്നു. തത്ഫലമായി, പുതിയനിയമ വിശ്വാസികൾക്ക് ക്രിസ്തു ജീവനാണ്(കൊലൊ.3:4). നമുക്ക് എല്ലാവർക്കും നമ്മുടെ ജീവനായി ക്രിസ്തു ഉണ്ട്.

നിത്യതയിൽ ജീവവൃക്ഷവും ജീവനദിയും പുതിയ യെരുശലേമിൽ ഉണ്ടായിരിക്കും. വീണ്ടെടുക്കപ്പെട്ട എല്ലാ വിശുദ്ധന്മാർക്കും ത്രിയേകദൈവം ജീവസഹായമായി എന്നേക്കും ഉണ്ടായിരിക്കും എന്ന് ഇത് സൂചിപ്പിക്കുന്നു(വെളി.22:1-2,14,17).

## B. കെട്ടുപണി

നാം കണ്ടു കഴിഞ്ഞതുപോലെ ഏദനിൽനിന്നു പുറപ്പെട്ട നദിയുടെ ഒഴുക്ക് പൊന്നും ഗുല്ഗുലുവും, ഗോമേദകവും ഉളവാക്കി. അവ ദൈവത്തിന്റെ കെട്ടുപണിക്ക് ആവശ്യമായ വസ്തുക്കളാണ്(ഉല്പ.2:10-12).

ദൈവം ആദാമിൽനിന്നെടുത്ത വാരിയെല്ല് ഉപയോഗിച്ച് ആദാമിന് ഒരു മണവാട്ടിയെ ഉണ്ടാക്കി(ഉല്പ.2:22). അതു സഭയുടെ കെട്ടുപണിയുടെയും ആത്യന്തികമായി പുതിയ യെരുശലേമിന്റെയും ഒരു മുൻകുറി ആണ്.

ദൈവത്തിന്റെ ഉദ്ദേശ്യം മനുഷ്യൻ തനിക്ക് മണവാട്ടിയാകണം എന്നായിരുന്നു. ഈ മണവാട്ടിയെ ഒരു നഗരത്തോട് ഉപമിച്ചിരിക്കുന്നു. വേദപുസ്തകത്തിൽ പട്ടണത്തെ എപ്പോഴും ഒരു സ്ത്രീയായി ചിത്രീകരിച്ചിരിക്കുന്നു. അങ്ങനെ ഒരു നഗരം സംഘാതമായ ഒരു കാന്തയുടെ അടയാളമാണ്.

### *ഹാനോക്കിന്റെ പട്ടണത്തിന്റെ കെട്ടുപണി*

എന്നാലും ദൈവം ഭൂമിയിൽ തന്റെ സംഘാത മണവാട്ടിയെ കെട്ടുപണി ചെയ്യുന്നതിനു മുമ്പ് സാത്താൻ കയീന്റെ പുത്രനായ ഹാനോക്കിന്റെ നാമം നല്കപ്പെട്ട ആദ്യത്തെ കപട സൃഷ്ടിയായ, ഹാനോക്കിന്റെ പട്ടണം പണിതു(ഉല്പ.4:16-24). ദൈവത്തിന്റെ ഉദ്ദേശ്യത്തെ തടയുവാൻ വേണ്ടി സാത്താൻ ആലോചിച്ചുറപ്പിച്ച പൈശാചിക വ്യാജസൃഷ്ടി ആയിരുന്നു ഹാനോക്കിന്റെ പട്ടണം.

വ്യാജസൃഷ്ടി – ഹാനോക്കിന്റെ പട്ടണം.



### നോഹയുടെ പെട്ടകത്തിന്റെ കെട്ടുപണി

ഹാനോക്കിന്റെ പട്ടണം മനുഷ്യവർഗ്ഗത്തെ മുഴുവൻ ദുഷിപ്പിച്ച ഒരു സംസ്കാരം ഉളവാക്കി; ആ ദുഷിപ്പ് ജലപ്രളയം എന്ന ന്യായവിധി വരുത്തിവച്ചു. പ്രളയം വരുന്നതിനു മുമ്പ്, ദൈവം നോഹയോട് ഒരു പെട്ടകം ഉണ്ടാക്കുവാൻ കല്പിച്ചു (ഉല്പ.6:11-21). 1 പത്രൊ. 3:20-21 അനുസരിച്ച് ആ പെട്ടകം ക്രിസ്തുവിന് മുൻകുറിയായിരുന്നു. പെട്ടകത്തിന്റെ കെട്ടുപണി സാത്താന്റെ വ്യാജസൃഷ്ടിയായ ഹാനോക്കിന്റെ പട്ടണത്തിന് എതിരായിരുന്നു. അക്കാലത്തെ ലൗകിക മനുഷ്യരെല്ലാം ഹാനോക്കിന്റെ പട്ടണത്തിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ നോഹ മാത്രം വേർപെട്ടവനായി ദൈവം നൽകിയ രക്ഷയ്ക്കായി ഒരു പെട്ടകം പണിതു.

### നോഹയുടെ യാഗപീഠത്തിന്റെയും കൂടാരത്തിന്റെയും കെട്ടുപണി

പ്രളയത്തിനുശേഷം നോഹ ഒരു യാഗപീഠം പണിയുകയും, ഒരു കൂടാരമടിക്കുകയും ചെയ്തു(ഉല്പ.8:20;9:21). യാഗപീഠം ദൈവത്തെ ആരാധിക്കുവാൻ വേണ്ടിയും, കൂടാരം പാർപ്പിനുവേണ്ടിയും ആയിരുന്നു. ഇവ രണ്ടും നോഹയുടെ കെട്ടുപണി ആയിരുന്നു. പിൽക്കാലത്ത് യിസ്രായേൽ മക്കൾ ദൈവത്തെ ആരാധിക്കുവാനായി പണിതുണ്ടാക്കിയ യാഗപീഠത്തിന്റെയും, കൂടാരത്തിന്റേയും ചെറിയ പതിപ്പുകളായിരുന്നു അവന്റെ യാഗപീഠവും കൂടാരവും.

### ബാബേൽ ഗോപുരത്തിന്റെയും പട്ടണത്തിന്റെയും കെട്ടുപണി

നോഹയുടെ പിൻഗാമികൾ ബാബേൽ ഗോപുരവും പട്ടണവും പണിതു(ഉല്പ.11:1-9). ഗോപുരം നോഹയുടെ യാഗപീഠത്തിനും, പട്ടണം നോഹയുടെ കൂടാരത്തിനും എതിരായിരുന്നു. ഇതു ദൈവത്തിന്റെ കെട്ടുപണിക്ക് എതിരായി സാത്താന്റെ രണ്ടാമത്തെ വ്യാജസൃഷ്ടി ആയിരുന്നു.

### അബ്രഹാമിന്റെ യാഗപീഠത്തിന്റെയും കൂടാരത്തിന്റെയും കെട്ടുപണി

നോഹയുടെ മത്സരികളായ പിൻഗാമികളിൽനിന്ന് ദൈവം അബ്രഹാമിനെ വിളിച്ചു. ബാബേൽ ഗോപുരത്തിനും, പട്ടണത്തിനും എതിരായി അബ്രഹാം ഒരു യാഗപീഠവും കൂടാരവും പണിതു (ഉല്പ. 12:7-8;18:1,6,9). നോഹയുടെ യാഗപീഠവും കൂടാരവും ഹാനോക്കിന്റെ പട്ടണത്തിന് എതിരായിരുന്നു. അബ്രഹാമിന്റേത് ബാബേൽ ഗോപുരത്തിനും പട്ടണത്തിനും എതിരായിരുന്നു. ബാബേലിൽ ഒരു ഗോപുരം ഉണ്ടായിരുന്നു; അബ്രഹാമിന് ഒരു യാഗപീഠവുമുണ്ടായിരുന്നു; ബാബേലിൽ ഒരു പട്ടണമുണ്ടായിരുന്നു; അബ്രഹാമിന് ഒരു കൂടാരമുണ്ടായിരുന്നു. അങ്ങനെ, അബ്രഹാമുമായുള്ള ദൈവത്തിന്റെ

കെട്ടുപണി ബാബേലിലെ സാത്താന്റെ വ്യാജസൃഷ്ടിക്ക് എതിരായിരുന്നു.

### സോദോമിന്റെ കെട്ടുപണി

അബ്രഹാം കൂടാരത്തിൽ വസിച്ചപ്പോൾ, അവന്റെ സഹോദര പുത്രൻ സാത്താന്റെ മറ്റൊരു വ്യാജസൃഷ്ടിയായ സോദോമിലേക്ക് വീണു(ഉല്പ.13:12-13;18:20;19:1). ചരിത്രം അനുസരിച്ച്, ബാബേൽ വിഗ്രഹങ്ങളുടെ പട്ടണവും സോദോം പാപത്തിന്റെ പട്ടണവും ആയിരുന്നു.

### യാക്കോബിന്റെ സ്വപ്നത്തിലെ കെട്ടുപണി-ബേഥേൽ

ബാബേലിന്റെയും സോദോമിന്റെയും പശ്ചാത്തലത്തിൽ ദൈവം തന്റെ തിരഞ്ഞെടുപ്പിൻ പ്രകാരം"ചതിയനായ"യാക്കോബിനെ സന്ദർശിച്ചു. യാക്കോബ് ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെക്കുറിച്ച് യാതൊന്നും അറിഞ്ഞിരുന്നില്ല; എങ്ങനെ ഉപായി ആയിരിക്കാം എന്നു മാത്രമേ അവൻ അറിഞ്ഞിരുന്നുള്ളു. എന്നിരുന്നാലും, യാക്കോബിനെ തന്റെ മാതാപിതാക്കളുടെ ഭവനം വിട്ടുപോകുവാൻ നിർബന്ധിച്ച ദൈവം പരമാധികാരി ആയിരുന്നു. അവൻ അലഞ്ഞു നടന്നപ്പോൾ, ഒരു രാത്രിയിൽ തുറസ്സായ ഒരു സ്ഥലത്ത് അവൻ ഉറങ്ങി. ആ രാത്രിയിൽ ഒരു കോവണി ഭൂമിയിൽനിന്നും സ്വർഗ്ഗത്തിലേക്ക് വച്ചിരിക്കുന്നതായി ഒരു സ്വപ്നം അവൻ കണ്ടു (ഉല്പ. 28:10-22). ദൈവദൂതന്മാർ ഈ കോവണിമേൽ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു. ഉറക്കമുണർന്നപ്പോൾ യാക്കോബ്,"ഈ സ്ഥലം എത്ര ഭയങ്കരം! ഇത് ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇത് സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ,"എന്നു പറഞ്ഞു. ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ബേഥേൽ എന്നാൽ ദൈവാലയം എന്നാണർത്ഥം. യാക്കോബ്,"താൻ തലയിണയായി വച്ചിരുന്ന കല്ല് എടുത്ത് തൂണായി നിറുത്തി അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന് ബേഥേൽ എന്നു പേർ വിളിച്ചു,"എന്നു ഉല്പത്തി 28:18-19 പറയുന്നു. തിരുവെഴുത്തുപ്രകാരം കല്ല് രൂപാന്തരം വന്ന മനുഷ്യനെ സൂചിപ്പിക്കുന്നു. വേദപുസ്തക പ്രകാരം എണ്ണ ത്രിത്വത്തിലെ മൂന്നാമനായ പരിശുദ്ധാത്മാവ്, മനുഷ്യനിലേക്ക് വരുന്നതിനെ സൂചിപ്പിക്കുന്നു. ത്രിയേകദൈവം പരിശുദ്ധാത്മാവിലൂടെ മനുഷ്യനിലേക്ക് വരുമ്പോൾ, അവൻ ദൈവാലയമായ ബേഥേലിന്റെ ഭാഗം ആയിത്തീരുന്നു. നാമെല്ലാവരും എണ്ണകൊണ്ട് അഭിഷേകം ചെയ്യപ്പെട്ട കല്ലുകളാണ്. അങ്ങനെ, നാം ബേഥേൽ ആണ്. യാക്കോബിന് എണ്ണ എവിടെനിന്ന് കിട്ടി എന്ന് എനിക്കറിയില്ലെങ്കിലും അവൻ കല്ലിനെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുകയും, ആ സ്ഥലത്തെ ബേഥേൽ എന്നു വിളിക്കുകയും ചെയ്തു.

### ഫറവോന്റെ സംഭരണ നഗരങ്ങളുടെ കെട്ടുപണി

എന്നാലും യാക്കോബിന്റെ പിൻഗാമികൾ വാഗ്ദത്തദേശത്ത് പാർത്തില്ല; അവർ മിസ്രയീമിലേക്കു പോയി; അവിടെ അവർ ഫറവോനുവേണ്ടി സാത്താന്റെ വ്യാജസൃഷ്ടികളായ സംഭരണനഗരങ്ങൾ വീണ്ടുംപണിയുവാൻ നിർബന്ധിതരായിത്തീർന്നു(പുറ.1:11-14). അനുലോമമായതും പ്രതിലോമമായതും, ദൈവത്തിന്റെ കെട്ടുപണിയും സാത്താന്റെ കെട്ടുപണിയും മാറി മാറി വരുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഇത് രാത്രിയും പകലും മാറിമാറി വരുന്നതുപോലെയാണ്. ഒരു രാത്രി കഴിഞ്ഞാൽ ഒരു പകലുണ്ട്; ഒരു പകൽ കഴിഞ്ഞാൽ ഒരു രാത്രിയുണ്ട്. യാക്കോബിന്റെ അനുലോമമായ സ്വപ്നത്തിനുശേഷം, നാം കാണുന്നത് ലൗകിക സുഖങ്ങൾക്കുവേണ്ടിയുള്ള ഫറവോന്റെ സംഭരണ നഗരങ്ങളാണ്.

### കൂടാരത്തിന്റെ കെട്ടുപണി

ഫറവോന്റെ സംഭരണനഗരങ്ങളുടെ"രാത്രി"ക്കുശേഷം നമുക്ക് കൂടാരത്തിന്റെ കെട്ടുപണിയുടെ"പകൽ"ഉണ്ട് (പുറ.25:1-9). പ്രതിലോമമായ വശത്ത് എല്ലാ പട്ടണങ്ങളുടെയും മദ്ധ്യേ ദൈവത്തിന്റെ തിരുനിവാസത്തിന്റെ കെട്ടുപണി അനുലോമമായ വശത്തുണ്ട്. യാക്കോബിന്റെ പിൻഗാമികളെ മിസ്രയീമിൽനിന്ന് രക്ഷിച്ച് സീനായ് പർവ്വതത്തിലേക്കു കൊണ്ടുവന്നു. അവർ ഫറവോന്റെ അടിമത്തത്തിൽനിന്നു വിടുവിക്കപ്പെട്ട് ദൈവത്തിന്റെ കരുണയാലും, കൃപയാലും ഒരു "പുരോഹിത രാജ്യം"(പുറ.19:6), ദൈവം സ്വതന്ത്രരാക്കിയ ജനം ആയിത്തീർന്നു. പിന്നീട് ദൈവം അവരോട് ഭൂമിയിൽ അവരുടെ മദ്ധ്യേ തന്റെ നിവാസമായി ഒരു കൂടാരം പണിയുവാൻ കല്പിച്ചു. അത് തന്റെ രൂപകല്പനയും പദ്ധതിയും പ്രകാരം ആകേണ്ടതിന് അവർക്ക് അതിന്റെ സ്വർഗ്ഗീയ മാതൃക അവൻ കാണിച്ചുകൊടുത്തു. അവർ അപ്രകാരം ചെയ്തു. ആ കാലം മുതൽ ദൈവത്തിന് ഭൂമിയിൽ തന്റെ നിവാസമായി യഥാർത്ഥവും പ്രായോഗികവും ആയ ഒരു കെട്ടിടം ഉണ്ട്. യാഗപീഠത്തോടു കൂടിയ ആ കൂടാരം നോഹയുടേയും, അബ്രഹാമിന്റെയും കൂടാരങ്ങളുടെയും യാഗപീഠങ്ങളുടെയും വികാസം ആയിരുന്നു. അത് ദൈവത്തിന്റെ വാസസ്ഥലം മാത്രമല്ല, ദൈവത്തിന്റെ പുരോഹിതന്മാർക്ക് അവനോടൊപ്പം താമസിക്കുവാനുള്ള സ്ഥലവുമായിരുന്നു. അത് ക്രിസ്തുവിന്റെ പൂർണ്ണചിത്രം മാത്രമല്ല, ക്രിസ്തുവിന്റെ വികാസമായ സഭയുടെ മുൻകുറിയുമായിരുന്നു. അതിലെ എല്ലാ ഉപകരണങ്ങളും സഭയുടെ ഉള്ളടക്കമായ ക്രിസ്തുവിന്റെ വിവിധ വശങ്ങളാണ്. വരുവാനുള്ളതിന്റെ മുൻകുറി എന്ന നിലയിൽ അത് ദൈവത്തിന്റെ പദ്ധതി നിവർത്തിക്കുകയും, ദൈവത്തിന്റെ ഹൃദയാഭിലാഷം പ്രകടിപ്പിക്കുകയും, അവനെ സംതൃപ്തനാക്കുകയും ചെയ്തു. അങ്ങനെ അതു പണിതുയർത്തിയശേഷം ദൈവം തന്റെ തേജസ്സു കൊണ്ട് അതിനെ നിറച്ചു(പുറ.40:17,34).

### *മന്ദിരത്തിന്റെ കെട്ടുപണി*

കൂടാരം പണിതശേഷം അതു മരുപ്രദേശത്തുകൂടെ ചുമന്ന് ഭൂമിയിൽ ദൈവത്തിന്റെ വാഗ്ദത്ത ദേശത്തു കൊണ്ടുവന്നു; ദൈവത്തിന്റെ ആലയം പണിയുന്നതുവരെ അത് അവന്റെ നിവാസമായി അവിടെ അവശേഷിച്ചു (1 രാജാ.6:1-10). അതിന്റെ ചരിത്രം ഏകദേശം 500 വർഷം, 1500 ബി.സി. മുതൽ 1000 ബി.സി. വരെ ആയിരുന്നു. ഈ ചരിത്രം പുറപ്പാട് മുതൽ 1 രാജാക്കന്മാർവരെ രേഖപ്പെടുത്തിയിരിക്കുന്നു. മന്ദിരം കൂടാരത്തേക്കാൾ വലുതും ഉറപ്പേറിയതുമായിരുന്നു; എന്നാൽ അതിന്റെ ഉദ്ദേശ്യവും ധർമ്മവും ഒന്നു തന്നെയായിരുന്നു. അത് പൂർണ്ണമായും ക്രിസ്തുവിനും സഭയ്ക്കും മുൻകുറി ആയിരുന്നു. ആലയത്തിന്റെ കെട്ടുപണിയിലൂടെ യാക്കോബിന്റെ സ്വപ്നം ഒരു പരിധി വരെ നിറവേറി. ഭൂമിയിൽ ദൈവത്തിന് ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ കല്ലുകൊണ്ട് പണിയപ്പെട്ട ഒരു ആലയം ഉണ്ടായിരുന്നു. അതു കൂടാരത്തേക്കാൾ രൂപത്തിൽ ഉറപ്പേറിയതായിരുന്നു. 1000 ബി.സി. മുതൽ 600 ബി.സി.യിലെ ബാബിലോണിയൻ ആക്രമണം വരെ ഏകദേശം 400 സംവത്സരമായിരുന്നു ആ ആലയത്തിന്റെ ചരിത്രം. അതിന്റെ ചരിത്രം 1 രാജാക്കന്മാർ മുതൽ എസ്രാ വരെയുള്ള പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### *ബാബിലോണിന്റെ കെട്ടുപണി*

യെരുശലേം നഗരത്തോടുകൂടെയുള്ള മന്ദിരത്തിന് എതിരായി, സാത്താൻ ബാബിലോൺ നഗരം പണിതു(ദാനി.4:28-30). അത് ഏറെ വലിയ ഒരു വ്യാജസൃഷ്ടി ആയിരുന്നു. ബാബിലോൺ രാജാവായിരുന്ന നെബുക്കദ്നേസർ സൈന്യവുമായി വന്ന് ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുകയും, അതിലെ ഉപകരണങ്ങൾ ബാബിലോണിലേക്ക് കൊണ്ടുപോകുകയും, അവ അവന്റെ വിഗ്രഹങ്ങളുടെ മന്ദിരത്തിൽ വയ്ക്കുകയും ചെയ്തു(2 ദിന.36:7,18-19). ഭൂമിയിൽ ദൈവത്തിന്റെ നിവാസമായ അവന്റെ കെട്ടുപണിയെ നിരന്തരം സാത്താൻ എങ്ങനെ തടസ്സപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു എന്ന് ഇതിനാൽ നമുക്ക് കാണാം.

### *മന്ദിരത്തിന്റെയും യെരുശലേമിന്റെയും പുനർനിർമ്മാണം*

മന്ദിരത്തിന്റെ നാശത്തിനു ശേഷം 70 വർഷം കഴിഞ്ഞ് യെഹൂദന്മാർ പ്രവാസത്തിൽനിന്നു മടങ്ങിവന്ന് മന്ദിരം വീണ്ടും പണിതു(എസ്രാ 1:2-5). മന്ദിരത്തിന്റെ പുനർനിർമ്മാണം ദൈവത്തിന്റെ കെട്ടുപണിയുടെ പ്രത്യുദ്ധാരം ആയിരുന്നു. മന്ദിരത്തിന്റെ പുനർനിർമ്മാണത്തെത്തുടർന്ന് യെരുശലേം നഗരവും പണിയപ്പെട്ടു(നെഹെ.2:17-18). കർത്താവായ യേശുവിന്റെ വരവുവരെ ഇത് നിലനിന്നു.

### *സഭയുടെ കെട്ടുപണി*

മത്തായി 16:18-ൽ കർത്താവ് തന്റെ സഭയെ പണിയുമെന്ന് പ്രവചിച്ചു. ഇത് ഭൂമിയിലുള്ള ദൈവത്തിന്റെ നിവാസം എന്ന നിലയിൽ

കൂടാരത്തിന്റെയും മന്ദിരത്തിന്റെയും നിവൃത്തിയാണ്. കർത്താവ് വീണ്ടെടുപ്പിൻ വേല പൂർത്തിയാക്കുകയും മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും, ആത്മാവിനെ ഭൂമിയിലേക്ക് അയയ്ക്കുവാനായി സ്വർഗ്ഗത്തിലേക്കു കയറിപ്പോകുയും, ചെയ്തതിനുശേഷം, സഭയുടെ കെട്ടുപണി ആരംഭിച്ചു. ഈ കെട്ടുപണി പത്തൊമ്പത് നൂറ്റാണ്ടുകളിലധികമായി നിലനിന്നിട്ടുണ്ട്; കർത്താവിന്റെ രണ്ടാമത്തെ വരവുവരെ അത് നിലനില്ക്കും.

### *സ്ഥലംസഭകളുടെ കെട്ടുപണി*

സഭയുടെ കെട്ടുപണി സാധിക്കുവാൻ കർത്താവ് സ്ഥലം സഭകൾ കെട്ടുപണി ചെയ്തു (പ്രവൃ.14:23; തീത്തൊ.1:5). സഭയുടെ കെട്ടുപണി വാസ്തവത്തിൽ യഥാർത്ഥവത്കരിക്കുന്നത് സ്ഥലം സഭകളുടെ കെട്ടുപണിയിലൂടെയാണ്. സ്ഥലംസഭകളുടെ കെട്ടുപണി പ്രായോഗികമാണ്. സഭ സാർവ്വത്രികമായി ഒന്നു മാത്രമാണെങ്കിലും ഏകസാർവ്വത്രിക സഭയുടെ ആവിഷ്കാരങ്ങളായി അനേകം സ്ഥലം സഭകൾ ഉണ്ട്. സാർവ്വത്രിക സഭയുടെ കെട്ടുപണി ആരംഭിച്ചത് സ്ഥലം സഭകളുടെ കെട്ടുപണിയിലാണ്. അതിന്റെ പൂർത്തീകരണം വരെ അത് ഇപ്രകാരം തുടരും.

### *മതപരവും രാഷ്ട്രീയവുമായ ബാബിലോണിന്റെ കെട്ടുപണി*

ദൈവം സഭയെ കെട്ടുപണിയുന്നതിനെ എതിർക്കുവാനും വിഫലമാക്കുവാനും, സാത്താൻ അവന്റെ ആത്യന്തിക വ്യാജസൃഷ്ടിയായ മഹതിയാം ബാബിലോൺ (വെളി.17:5;18:2,21), മതപരവും രാഷ്ട്രീയവും ആയ വിധത്തിൽ പണിതു. വെളിപ്പാട് 17-ൽ മതപരമായ ബാബിലോണിനെയും 18-ൽ രാഷ്ട്രീയമായ ബാബിലോണിനെയും തുറന്നു കാട്ടിയിരിക്കുന്നു. ബാബിലോണിന്റെ ഈ വശങ്ങൾ രണ്ടും ദൈവത്തിന്റെ കെട്ടുപണിക്ക് എതിരായുള്ള സാത്താന്റെ ഏറ്റവും മികച്ചതും സമ്പൂർണ്ണവും ആത്യന്തികവുമായുള്ള കെട്ടുപണിയാണ്. ഇത് ദൈവത്തിന്റെ ആത്യന്തിക കെട്ടുപണിയായ പുതിയ യെരുശലേമിന് എതിരാണ്.

### *പുതിയ യെരുശലേമിന്റെ കെട്ടുപണി*

ദൈവത്തിന്റെ കെട്ടുപണി, പ്രധാനമായും സഭയുടെ കെട്ടുപണി, ആത്യന്തികമായി പുതിയ യെരുശലേമിൽ പരിണതി പ്രാപിക്കും (എബ്രാ.11:10,16;12:22; വെളി.21:2,10-22:2). സാത്താന്റെ കെട്ടുപണി മഹതിയാം ബാബിലോണിൽ പരിണതി പ്രാപിക്കും. ദൈവത്തിന്റെ കെട്ടുപണി പുതിയ യെരുശലേമിൽ പരിണതി പ്രാപിക്കും. അത് ആത്യന്തികമായി ദൈവത്തിന്റെ നിത്യനിർണ്ണയം നിറവേറ്റുകയും ദൈവത്തെ ആവിഷ്കരിക്കുകയും നിത്യതയോളം അവനെ പൂർണ്ണമായും സംതൃപ്തനാക്കുകയും ചെയ്യും.

അങ്ങനെ, നമുക്ക് മുമ്പാകെയുള്ളത് ജീവന്റെയും കെട്ടുപണിയുടെയും പാതകൾ വെളിപ്പെടുത്തുന്നതായ മുഴുവൻ വേദപുസ്തകത്തിന്റെയും ഒരു ഹ്രസ്വ രേഖാരൂപമാണ്.

Thu —

## II. തിരുവെഴുത്തിൽ യോഹന്നാന്റെ എഴുത്തുകളുടെ സ്ഥാനം

### A. യോഹന്നാന്റെ ശുശ്രൂഷ, ജീവനാലുള്ള കേടുപോക്കൽ ശുശ്രൂഷ

യോഹന്നാന്റെ ശുശ്രൂഷ കേടുപോക്കൽ ശുശ്രൂഷ ആയിരുന്നു. പത്രൊസിനെ കർത്താവ് വിളിച്ചപ്പോൾ, അവൻ മീൻ പിടിക്കുകയായിരുന്നു. എന്നാൽ യോഹന്നാനെ വിളിച്ചപ്പോൾ അവൻ വല നന്നാക്കുകയായിരുന്നു(മത്താ.4:21). പത്രൊസ് നല്ലവണ്ണം മീൻ പിടിച്ച്, ഒരു വലിയ ജനസമൂഹത്തെ കൊണ്ടുവന്നു. എന്നാൽ, യോഹന്നാൻ ആത്മീയ വലയുടെ കേടുപാടുകൾ നന്നാക്കി. അവന്റെ കേടുപോക്കൽ ശുശ്രൂഷ ജീവനാലുള്ള കേടുപോക്കലിന്റെ ശുശ്രൂഷയായിരുന്നു. ജീവനു മാത്രമേ ആത്മീയ വലയുടെ എല്ലാ വിള്ളലുകളും നീക്കി അത് നന്നാക്കുവാൻ കഴിയൂ. ഇന്ന് ഇതെത്ര ആവശ്യമായിരിക്കുന്നു! ക്രിസ്തീയ വലയിൽ അനേകം വിള്ളലുകൾ ഉണ്ട്. അത് നന്നാക്കുവാൻ എന്തിനു സാധിക്കും? ജീവനുമാത്രം. അതുകൊണ്ടാണ്, ഞങ്ങൾ ജീവനെ സംബന്ധിച്ച് അധികമധികമായി ഭാരപ്പെടുന്നത്. ചിലർ ഞങ്ങളെ, നിങ്ങൾക്ക് ജീവൻ എന്ന വാക്കല്ലാതെ മറ്റൊന്നും അറിഞ്ഞുകൂടേ? എന്ന് പറഞ്ഞുകൊണ്ട് പരിഹസിക്കുന്നു. ശരിയാണ്, ഒരർത്ഥത്തിൽ ഞങ്ങൾക്ക് ജീവനല്ലാതെ മറ്റൊന്നുമറിയില്ല. ഞങ്ങൾക്ക് മറ്റൊന്നുമറിയില്ല. കാരണം മറ്റൊന്നും ഞങ്ങൾക്ക് ആവശ്യമില്ല. ജീവനാണ് ഞങ്ങളുടെ ഒരേയൊരു ആവശ്യം. സഹോദരീസഹോദരന്മാരേ, നിങ്ങൾക്ക് ജീവൻ ആവശ്യമാണ്. മറ്റു കാര്യങ്ങൾ വിള്ളലുകൾക്ക് വലിപ്പം കൂട്ടിയേക്കും; ജീവൻ എല്ലാ വിള്ളലുകളും അടച്ചു കളയും. നമുക്ക് യോഹന്നാന്റെ ശുശ്രൂഷ ആവശ്യമാണ്. വേദപുസ്തകത്തിലെ അവസാനത്തെ ശുശ്രൂഷയായ യോഹന്നാന്റെ ശുശ്രൂഷ കേടുപോക്കലിനായുള്ള ജീവന്റെ ശുശ്രൂഷയാണ്.

### B. യോഹന്നാന്റെ എഴുത്തുകൾ ദിവ്യവെളിപ്പാടിലെ അന്തിമവാക്കുകൾ

യോഹന്നാന്റെ എഴുത്തുകൾ എല്ലാം തിരുവെഴുത്തിലെ ദിവ്യവെളിപ്പാടിന്റെ അന്തിമ വാക്കുകളാണ്. അവസാനവാക്ക് എപ്പോഴും നിർണ്ണായകവാക്കാണ്. ഒരു പക്ഷേ, ധാരാളം വാക്കുകൾ സംസാരിച്ചാലും തീരുമാനം അവസാനവാക്ക് ആധാരമാക്കിയാണ്. യോഹന്നാന്റെ സുവിശേഷം നാല് സുവിശേഷങ്ങളിൽ ഒടുവിലത്തേതും,

അതുപോലെ ലേഖനങ്ങൾ അവസാനലേഖനങ്ങൾക്ക് ഇടയിലും അവന്റെ വെളിപ്പാട് പുതിയനിയമത്തിന്റെയും ആകമാനവേദപുസ്ത കത്തിന്റെയും അവസാനപുസ്തകവും ആണ്. അങ്ങനെ അവന്റെ എഴുത്തുകൾ ദിവ്യവെളിപ്പാടിന്റെ അവസാനവാക്കാണ്.

## III. യോഹന്നാന്റെ സുവിശേഷത്തിന്റെ ഉള്ളടക്കം

### A. മുഴുവൻ വേദപുസ്തകത്തിന്റെയും സംഗ്രഹം

വേദപുസ്തകം ജീവന്റെയും കെട്ടുപണിയുടെയും പുസ്തകമാണെ ന്നും, യോഹന്നാന്റെ സുവിശേഷം അവയെ കേന്ദ്രമാക്കി യുള്ളതാണെന്നും നാം കണ്ടു.

#### *1. ജീവൻ*

യോഹന്നാന്റെ സുവിശേഷം ദൈവവചനമായ ക്രിസ്തുവിൽ ജീവൻ ഉണ്ടെന്ന് വെളിപ്പെടുത്തുന്നു(1:4). അവൻ വന്നത് മനുഷ്യന് ജീവൻ ഉണ്ടാകുവാനാണെന്നും(10:10), ജീവൻ അവൻ തന്നെ യാണെന്നും(11:25,14:6) വെളിപ്പെടുത്തുന്നു. കൂടാതെ, ക്രിസ്തു ജീവന്റെ അപ്പം ആണെന്നും(6:35) അവന്, ജീവന്റെ ജലവുമുണ്ടെന്നും(4:14) അവൻ മനുഷ്യന് ജീവൻ കൊടുക്കുന്നുവെന്നും(5:21) അവൻ മനുഷ്യ നിൽ ജീവനായി ജീവിക്കുന്നുവെന്നും(14:19) ഈ സുവിശേഷം നമ്മെ കാണിക്കുന്നു.

#### *2. കെട്ടുപണി*

യോഹന്നാന്റെ സുവിശേഷം കെട്ടുപണിയെ വെളിവാക്കുന്നു. ഭൂമി യിൽ മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ നിവാസമായ കൂടാരമാ യിരുന്നു ജഡത്തിൽ ക്രിസ്തു എന്ന് 1:14-ൽ നാം കാണുന്നു. വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ കൂടാരമടിച്ചു. കൂടാതെ, ക്രിസ്തുവിന്റെ മരണത്തിനു മുമ്പും പുനരുത്ഥാനത്തിനു ശേഷവും, അവന്റെ ശരീരം ദൈവത്തിന്റെ മന്ദി രമായിരുന്നു (2:19-22). അവന്റെ മരണത്തിനു മുമ്പ് അവന്റെ ജഡ ശരീരം മന്ദിരം ആയിരുന്നു; പുനരുത്ഥാനത്തിനുശേഷം അവന്റെ പുനരുത്ഥാനം ചെയ്ത ശരീരം ദൈവത്തിന്റെ മന്ദിരമായി നിലകൊ ണ്ടു. ഇതാകുന്നു കെട്ടുപണി. കൂടാതെ, വിശ്വാസികൾ ത്രിയേകദൈ വത്തിന്റെ വാസസ്ഥലമായി പണിയപ്പെടണമെന്ന് ഈ സുവിശേഷം വെളിപ്പെടുത്തുന്നു(14:2,23). ഇക്കാര്യം യോഹന്നാൻ 14-ൽ വേണ്ട വണ്ണവും പൂർണ്ണമായും വെളിപ്പെടുത്തിയിരിക്കുന്നു. ഈ അദ്ധ്യായമ നുസരിച്ച്, അനേക വാസസ്ഥലങ്ങളോടുകൂടിയ ദൈവത്തിന്റെ നിത്യ നിവാസമായി എല്ലാ വിശ്വാസികളും ഒന്നിച്ച് പണിയപ്പെടും. അങ്ങനെ, യോഹന്നാൻ 17 ലെ കർത്താവിന്റെ ഒടുവിലത്തെ പ്രാർത്ഥന സൂചി പ്പിക്കുന്നതുപോലെ, അവന്റെ എല്ലാ വിശുദ്ധന്മാരും ഒന്നായി ചേർത്ത് പണിയപ്പെടണം(വാ. 11,21-23).

## B. രണ്ടു ഭാഗങ്ങളായി

### *1. ഒന്നാമത്തെ ഭാഗം : കർത്താവിന്റെ വരവ്*

ആദ്യത്തെ പതിമൂന്ന് അദ്ധ്യായങ്ങൾ അടങ്ങിയ യോഹന്നാന്റെ സുവിശേഷത്തിന്റെ ആദ്യഭാഗം, ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുവാനും, മനുഷ്യനോട് ദൈവത്തെ പ്രസ്താവിക്കുവാനുമുള്ള കർത്താവായ യേശുവിന്റെ വരവിനെക്കുറിച്ചുള്ളതാണ്. കർത്താവ് തന്റെ ജഡാവതാരത്തിലൂടെ ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുവാനും, മനുഷ്യനോട് ദൈവത്തെ പ്രസ്താവിക്കുവാനും വന്ന ദൈവം തന്നെയാകുന്ന വചനമായിരുന്നു എന്ന് ഈ ഭാഗം പറയുന്നു. അവന്റെ ജഡാവതാര കാലത്തിനു മുമ്പ് അവൻ മനുഷ്യനിൽനിന്നു വേർപെട്ടവനായിരുന്നു. ദൈവം ദൈവവും മനുഷ്യൻ മനുഷ്യനും ആയിരുന്നു. എന്നാലും, തന്റെ ജഡാവതാരത്തിലൂടെ അവൻ ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവന്നു. ദൈവം യേശു എന്ന് പേർവിളിക്കപ്പെട്ട മനുഷ്യനുമായി ഒന്നായിത്തീർന്നു. അവൻ ദൈവവും മനുഷ്യനുമായിരുന്നു. ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ലെങ്കിലും, തന്റെ ജഡാവതാരത്തിലൂടെ ഏകജാതനായ ദൈവപുത്രൻ ദൈവത്തെ മനുഷ്യനോട് ജീവനിലും വെളിച്ചത്തിലും കൃപയിലും യാഥാർത്ഥ്യത്തിലും പ്രസ്താവിച്ചു. ഇതിനെക്കുറിച്ച് കൂടുതലായി തുടർന്നുള്ള ദൂതുകളിൽ നമുക്ക് കാണാം. യോഹന്നാന്റെ സുവിശേഷത്തിന്റെ ആദ്യഭാഗത്ത് ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുകയും മനുഷ്യനോട് ദൈവത്തെ പ്രസ്താവിക്കുകയും ചെയ്യുന്നു എന്നു നാം കാണുന്നു എന്നുമാത്രം ഇപ്പോൾ ഓർത്താൽ മതിയാകും

### *2. രണ്ടാമത്തെ ഭാഗം : മരണത്തിൽ കർത്താവ് പോകുകയും പുനരുത്ഥാനത്തിൽ മടങ്ങിവരുകയും ചെയ്യുന്നു*

ഒടുവിലത്തെ എട്ട് അദ്ധ്യായങ്ങൾ അടങ്ങിയ രണ്ടാമത്തെ ഭാഗം കർത്താവ് തന്റെ മരണത്തിലേക്ക് പോകുന്നതും, മനുഷ്യനെ ദൈവത്തിങ്കലേക്ക് കൊണ്ടുവരുവാനും ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി മനുഷ്യനിലും മനുഷ്യനോടുകൂടെയും വസിക്കുവാനുമായി അവൻ മരണത്തിൽ പോകുകയും പുനരുത്ഥാനത്തിൽ മടങ്ങിവരുകയും ചെയ്യുന്നതിനെക്കുറിച്ചുള്ളതാണ്. ആദ്യഭാഗത്ത് അവൻ ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവന്നു; രണ്ടാമത്തെ ഭാഗത്ത് മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ അവൻ തന്റെ മരണത്തിലൂടെയും, പുനരുത്ഥാനത്തിലൂടെയും കടന്നുപോയി. അങ്ങനെ അവന് മനുഷ്യനിൽ പ്രവേശിക്കുവാനും ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി മനുഷ്യനിലും മനുഷ്യനോടുകൂടെയും വസിക്കുവാനും കഴിയും.

യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ ലളിതവും സംക്ഷിപ്തവുമാണെങ്കിലും ഈ പുസ്തകം ആഴമേറിയതും ഗഹനവുമാണ്. ഒരു ഒന്നാംക്ലാസ്സുകാരനുപോലും മിക്കതും വായിക്കാവുന്ന വിധത്തിൽ

ഇത് ലളിതമാണ്."ആദിയിൽ വചനം ഉണ്ടായിരുന്നു;" "ഞാൻ വെളിച്ചമാകുന്നു;" "ഞാൻ ജീവൻ ആകുന്നു;"എന്നിങ്ങനെയുള്ള പ്രസ്താവനകൾ ലളിതമാണ്. എന്നാൽ ഇവയുടെ അർത്ഥം ഗഹനമാണ്. "വചനം"എന്നതിന്റെ അർത്ഥം എന്താണ്? അത് നിർവ്വചിക്കുവാൻ ശ്രമിച്ചു നോക്കൂ."അവനിൽ ജീവനുണ്ടായിരുന്നു,"എന്നു പറഞ്ഞാൽ എന്താണ് അർത്ഥം? ജീവൻ എന്താണെന്ന് ആർക്കു പറയുവാൻ കഴിയും? ഇതു നമ്മുടെ ഗ്രാഹ്യശക്തിക്ക് ഏറെ അപ്പുറമാംവണ്ണം ഗഹനമാണ്. അതുകൊണ്ട്, ഈ സുവിശേഷം, അതിന്റെ ലളിതവും സംക്ഷിപ്തവുമായ ശൈലിയിൽ വളരെ ദൃഷ്ടാന്തങ്ങളും രൂപകങ്ങളും ഉപയോഗിക്കുന്നു. യോഹന്നാൻ 1-ൽ വചനമുണ്ട്. ഈ വചനം ക്രിസ്തുവായിരുന്നു എന്ന് നമുക്കറിയാം, എന്നിരുന്നാലും ക്രിസ്തു രണ്ടക്ഷരമുള്ള ഒരു വാക്കായിരുന്നു എന്ന് നാം ചിന്തിക്കരുത്. ഇവിടെ വചനം എന്നത് ഒരു ദൃഷ്ടാന്തം ആണ്; ദൈവത്തെ സംബന്ധിച്ച് ക്രിസ്തു ആരാകുന്നു എന്നു ചിത്രീകരിക്കുന്ന ഒരു ആലങ്കാരിക പ്രയോഗം മാത്രമാണ്. 1:14-ൽ നമുക്ക് കൂടാരമുണ്ട്. അതും ക്രിസ്തുവിനെ കാണിക്കുന്നു. 1:29-ൽ ക്രിസ്തുവിനെ ദൈവത്തിന്റെ കുഞ്ഞാട് എന്ന് വിളിച്ചിരിക്കുന്നു. എന്നാലും അവൻ നാല് കാലുള്ള ഒരു കുഞ്ഞാടായിരുന്നില്ല. ക്രിസ്തു പത്രൊസിനെ ഒരു കല്ല് എന്ന് വിളിച്ചതായി നമുക്കറിയാം(1:42). എന്നാൽ ഈ കല്ലിന് ഒരു ആത്മീയ അർത്ഥമുണ്ട്. അതുകൊണ്ട് യോഹന്നാന്റെ സുവിശേഷം വെറും അക്ഷരപ്രകാരം മനസ്സിലാക്കുവാൻ നാം ശ്രമിക്കരുത്. മുഴുവൻ വേദപുസ്തകത്തിന്റെയും വെളിപ്പാടിനനുസരണമായി ശരിയായ വിധത്തിൽ ദൃഷ്ടാന്തീകരിക്കണം.

യോഹന്നാന്റെ സുവിശേഷത്തിൽ മിക്ക അദ്ധ്യായങ്ങളിലും ചില അലങ്കാരപ്രയോഗങ്ങൾ കാണാം. ഒന്നാമത്തെ അദ്ധ്യായത്തിൽ വചനം, വെളിച്ചം, കൂടാരം, കുഞ്ഞാട്, കല്ല്, സ്വർഗ്ഗത്തിലേക്കുള്ള കോവണി എന്നിവയും രണ്ടാമത്തെ അദ്ധ്യായത്തിൽ ആറു കൽഭരണികൾ, വീഞ്ഞ്, മന്ദിരം, പിതാവിന്റെ ഭവനം എന്നിവയും മൂന്നാമത്തെ അദ്ധ്യായത്തിൽ കൊടിമരത്തിന്മേൽ ഉള്ള സർപ്പവും നാലാമത്തെ അദ്ധ്യായത്തിൽ യാക്കോബിന്റെ കിണറും ജീവനുള്ള വെള്ളവും ആറാമത്തെ അദ്ധ്യായത്തിൽ ജീവനുള്ള അപ്പവും ഏഴാമത്തെ അദ്ധ്യായത്തിൽ ജീവജലനദികളും ഒൻപതാമത്തെ അദ്ധ്യായത്തിൽ തുപ്പലും ചേറും പത്താമത്തെ അദ്ധ്യായത്തിൽ വാതിലും തൊഴുത്തും മേച്ചിൽപ്പുറവും ഇടയനും പന്ത്രണ്ടാമത്തെ അദ്ധ്യായത്തിൽ ഗോതമ്പുമണിയും പതിമൂന്നാമത്തെ അദ്ധ്യായത്തിൽ കാലുകഴുകലും പതിനഞ്ചാമത്തെ അദ്ധ്യായത്തിൽ മുന്തിരിവള്ളിയും കൊമ്പുകളും പതിനാറാമത്തെ അദ്ധ്യായത്തിൽ സ്ത്രീയും കുഞ്ഞും പത്തൊമ്പതാമത്തെ അദ്ധ്യായത്തിൽ അസ്ഥിയും രക്തവും വെള്ളവും ഇരുപതാമത്തെ അദ്ധ്യായത്തിൽ ശ്വാസം ഊതുന്നതും ഇരുപത്തിയൊന്നാമത്തെ അദ്ധ്യായത്തിൽ കുഞ്ഞാടുകളും ആടുകളും ഉണ്ട്. ഈ അലങ്കാരങ്ങളെല്ലാം

ദൃഷ്ടാന്തീകരിക്കാതെ ഈ സുവിശേഷം വേണ്ടവിധത്തിൽ നമുക്ക് മനസ്സിലാക്കുവാൻ കഴിയുകയില്ല.

ജീവനെ സംബന്ധിച്ചുള്ള കാര്യങ്ങൾ അമൂർത്തവും ആഴമേറിയതും നിഗൂഢവുമായതിനാൽ സാധാരണ മനുഷ്യഭാഷയിൽ ഇവ വിവരിക്കുവാനും പ്രകടിപ്പിക്കുവാനും വളരെ പ്രയാസമാണ്. അതുകൊണ്ട് ജീവനെയും കെട്ടുപണിയെയും സംബന്ധിച്ച നിഗൂഢമായ ആത്മീയകാര്യങ്ങൾ സൂചിപ്പിക്കുവാൻ അനേക അലങ്കാരപ്രയോഗങ്ങൾ ഈ സുവിശേഷം ഉപയോഗിക്കുന്നു. അതിനാൽ ഇവയുടെ യഥാർത്ഥ ദൃഷ്ടാന്തം ലഭിക്കുവാൻ പ്രാർത്ഥിച്ചുകൊണ്ട് സൂക്ഷ്മമായി വേണം നാം യോഹന്നാനെഴുതിയ സുവിശേഷം വായിക്കുവാൻ. ഈ സുവിശേഷത്തിന്റെ പ്രത്യുദ്ധാര ഭാഷ്യം അതിന്റെ കുറിപ്പുകളോടുകൂടെ ശ്രദ്ധിച്ചു വായിക്കുന്നത് നിങ്ങളെ സഹായിക്കും എന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. അതിലെ മൂലപാഠവും കുറിപ്പുകളും വായിക്കുമെങ്കിൽ നിങ്ങൾക്ക് സഹായം ലഭിക്കും.